# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4232 — 24.06.2019 -ലെ മറുപടി

**ഭൂഗർഭജല ചൂഷണം**

**ചോദ്യം**
**ശ്രീ.ആർ. രാമചന്ദ്രൻ**

**മറുപടി**
**കെ. കൃഷ്ണൻകുട്ടി**
**(ജലവിഭവ വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് വർദ്ധിച്ച തോതിൽ ഭൂഗർഭജല ചൂഷണം നടന്നു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) | ഉണ്ട്. നടപടി സ്വീകരിക്കുന്നുണ്ട്. |
| ബി) | കേരളാ വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിന്റെ എത്ര ശതമാനം കുഴൽ കിണറുകളെ ആശ്രയിച്ചാണെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കുമോ; | ബി) | വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളത്തിൽ കുഴൽക്കിണറുകളെ ആശ്രയിച്ച് ജില്ലകൾതോറും വിതരണം ചെയ്യുന്ന ജലത്തിന്റെ ശതമാനകണക്ക് ചുവടെ ചേർക്കുന്നു.<br>1. തിരുവനന്തപുരം : 2.4%<br>2. കൊല്ലം : 24%<br>3. പത്തനംതിട്ട, തിരുവല്ല: 3.1%<br>4. കോട്ടയം : 1%<br>5. തൃശ്ശൂർ : 5.8%<br>6. മൂവാറ്റുപുഴ, ഇടുക്കി : 2.5%<br>7. കൊച്ചി, എറണാകുളം : 0.11%<br>8. ആലപ്പുഴ : 30%<br>9. കോഴിക്കോട്, കണ്ണൂർ, പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് : 5% |
| സി) | കുടിവെള്ളത്തിനുവേണ്ടി കുഴൽ കിണറുകളെ ആശ്രയിക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ? | സി) | കുടിവെള്ള പദ്ധതികൾക്കുള്ള സ്രോതസ്സിനുവേണ്ടി കുഴൽക്കിണറുകളെ ആശ്രയിക്കുന്നത് നിയന്ത്രിക്കുന്നതിന് കേരള വാട്ടർ അതോറിറ്റി നടപടി സ്വീകരിക്കുന്നുണ്ട്. കേരള വാട്ടർ അതോറിറ്റി വിഭാവനം ചെയ്തിട്ടുള്ളതും പ്രാരംഭ പ്രവൃത്തികൾ ആരംഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ മുഖ്യജല സ്രോതസ്സായി ഉപരിതലജലം ലഭ്യമാകുന്ന സ്രോതസ്സുകളെയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്. കൂടാതെ സ്റ്റേറ്റ് പ്ലാൻ, നബാർഡ്, കിഫ്ബി, അമൃത് തുടങ്ങിയ |

| | | | |
|---|---|---|---|
| | | | പദ്ധതികളിൽ ഉൾപ്പെടുത്തി സമഗ്ര കുടിവെള്ള പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി കുഴൽക്കിണർ പദ്ധതികളിൽ നിന്നുള്ള ജലവിതരണ ഘട്ടംഘട്ടമായി കുറച്ചുവരുന്നുണ്ട്. നിലവിലുള്ള കുടിവെള്ള പദ്ധതികളുടെ വിപുലീകരണം സാധ്യമാകുന്നതോടുകൂടിയും കുഴൽക്കിണറുകളുടെ ഉപയോഗം നിയന്ത്രിക്കുവാൻ സാധിക്കും.<br>സർക്കാർ വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ (തിരുവനന്തപുരം ജില്ലയിലെ അതിയന്നൂർ ബ്ലോക്ക്, തൃശ്ശൂർ ജില്ലയിലെ കൊടുങ്ങല്ലൂർ ബ്ലോക്ക്, പാലക്കാട് ജില്ലയിലെ ചിറ്റൂർ ബ്ലോക്ക്, കോഴിക്കോട് ജില്ലയിലെ കോഴിക്കോട് ബ്ലോക്ക്, കാസർഗോഡ് ജില്ലയിലെ കാസർഗോഡ് ബ്ലോക്ക്) കുഴൽകിണർ നിർമ്മിക്കുന്നതിന് ഭൂജല അതോറിറ്റിയുടെ മുൻകൂർ അനുമതി (പെർമിറ്റ്) നിർബന്ധമാക്കിയിട്ടുണ്ട്. മറ്റ് പ്രദേശങ്ങളിൽ കേരള കെട്ടിട നിർമ്മാണ ചട്ടം ചാപ്റ്റർ (14), 91 & 93 (എ) എന്നീ വകുപ്പുകൾ പ്രകാരം സംസ്ഥാനത്ത് കുഴൽക്കിണറുകൾ/ബോർവെല്ലുകൾ നിർമ്മിക്കുന്നതിന് ഭൂജലവകുപ്പിന്റെ clearance അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പെർമിറ്റോടുകൂടി 10/01/2014 മുതൽ നിർബന്ധമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ